بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 11/03/2016

(01 JAMADUL AAKHIR 1437 HIJRI)

Hazrat Khalifathullah Munir Ahmad Azim (A)

## "FIGHTING TILL WHEN ? TILL ONE LOSES FACE ? " / പോരാട്ടം ഏതു വരെ ? ഒരുവന്റെ മുഖം നഷ്ടമാകുന്നതു വരെ

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം പോരാട്ടം ഏതു വരെ ? ഒരുവന്റെ മുഖം നഷ്ടമാകുന്നതുവരെ..'' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി.

പോരാട്ടം ഏതുവരെ ?

ഇസ്ലാം ആക്രമണത്തെ വിരോധിക്കുന്നു. എന്നാൽ സത്യവും സമാധാനവും അപകടത്തിലാവുകയും, ചിന്താ സ്വാതന്ത്ര്യത്തിന്റെ അന്തസ്സായ പരിധികൾ ലംഘിക്കപ്പെടുകയും ചെയ്യുമ്പോൾ, പോരാടാൻ തന്നെ ഇസ്ലാം കൽപിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ അല്ലാഹു അംഗീകരിച്ച മതത്തിന്റെ സംരക്ഷാണർത്ഥം പോരാടുവാൻ മുസ്ലീങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) കാണിച്ച അധ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പെരുമാറ്റ രീതിയാണിത്. മക്കയിൽ അദ്ദേഹം പീഢനങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരുന്നു. എന്നാൽ അദ്ദേഹം ആരെയും ആക്രമിച്ചില്ല. അദ്ദേഹം പീഢനങ്ങൾ ഏറ്റുവാങ്ങിയ നിരപരാധിയായിരുന്നു. എന്നാൽ അദ്ദേഹം മദീനയിലേക്ക് പലായനം ചെയ്ത ശേഷം, ശത്രുക്കൾ അവിടെ ചെല്ലുകയും ഇസ്ലാമിനെ വേരോടെ പിഴുതെറിയുവാൻ ശ്രമിക്കുകയുമുണ്ടായി. ഈ സന്ദർഭത്തിൽ, സത്യത്തിനു വേണ്ടിയും, ചിന്താ സ്വാതന്ത്ര്യത്തിനുവേണ്ടിയും പോരാടേണ്ടി വന്നു. അത് അല്ലാഹു (ത) നൽകിയ കൽപനകൾ അനുസരിച്ച് ആയിരുന്നു. വിശിഷ്യാ പ്രതിരോധത്തിന്റെ അടിസ്ഥാനത്തിൽ, ഏക ദൈവാരാധന നടത്തുവാനുള്ള സ്വാതന്ത്ര്യത്തിനും തന്റെ നിഷ്കളങ്ക അനുചരന്മാരെ സംരക്ഷിക്കുവാനുമായി പ്രതിരോധ സമരം നടത്തേണ്ടി വന്നു.

**വിശുദ്ധ ഖുർ ആൻ 22-ാം അദ്ധ്യായം 40-42 വരെ പാരായണം ചെയ്ത ശേഷം ഹുസൂർ ഇപ്രകാരം വിശദീകരിക്കുകയുണ്ടായി.** ഈ വചനങ്ങൾക്കൊണ്ട് അർത്ഥമാക്കുന്നത് ആക്രമിക്കപ്പെടുന്നവർക്ക് യുദ്ധം ചെയ്യുവാനുള്ള അനുവാദം നൽകിയിരിക്കുന്നു എന്നാണ്. ദൈവ നിശ്ചയമായും ആക്രമിക്കപ്പെട്ടവരെ സഹായിക്കുന്നവനാണ്. വിശ്വാസപരമായ കാരണങ്ങളാൽ അവരെ അവരുടെ വീടുകളിൽ നിന്നും പുറത്താക്കപ്പെട്ടിരിക്കുന്നു. (വീട് എന്ന വാക്കിന്, ഒരു ജമാഅത്ത് എന്നും അർത്ഥമാക്കാവുന്നതാണ്. എന്റെ കാര്യത്തിൽ എന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ വ്യവസ്ഥിതിയിൽ നിന്നും പുറത്താക്കപ്പെടുകയും പീഢനങ്ങൾക്ക് വിധേയമാക്കപ്പെടുകയും ചെയ്തിരിക്കുന്നു.) ദൈവം സത്യവാന്മാരെ സഹായിക്കുകയും ദുഷ്ടൻമാരെ നിഗ്രഹിക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ, ഏകനായ ദൈവത്തെ ആരാധിക്കുവാൻ, അക്രമികൾ അനുവദിക്കുമായിരുന്നില്ല. ഏകദൈവാരാധനയ്ക്കും സ്വാതന്ത്ര്യത്തിനുമായി പരിശ്രമിക്കുന്നവരെ നിശ്ചയമായും ദൈവം സഹായിക്കുന്നതാണ്. ദീർഘകാലം പീഢനങ്ങൾ ഏറ്റുവാങ്ങുകയും, മനപൂർവ്വം ആക്രമിക്കപ്പെടുകയും ചെയ്യുന്നവർക്ക് സ്വാതന്ത്ര്യത്തിന്റെ മധുരം നുകരുവാൻ ഇതല്ലാതെ മറ്റൊരു വഴിയില്ല. അക്രമിക്കപ്പെട്ടവർ, ഒരിക്കൽ അധികാരത്തിൽ എത്തിച്ചേർന്നാൽ, അവർ നിശ്ചയമായും എല്ലാ മതക്കാരുടെയും വിശ്വാസ ആദർശങ്ങളെ സംരക്ഷിക്കുന്നവരായിരിക്കണം. എല്ലാ വിശുദ്ധ സ്ഥലങ്ങളെയും സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്. തനിക്ക് ലഭിച്ച അധികാരം തന്റെ മഹത്വം ഘോഷിക്കുവാനുള്ളതാകരുത്. മറിച്ച് സാധുജന ക്ഷേമത്തിനും, രാജ്യ പുരോഗതിക്കും, സമാധാന സംസ്ഥാപനത്തിനുമായിരിക്കണം വിനിയോഗിക്കേണ്ടത്. ഈ അധ്യാപനം വ്യക്തവും സമഗ്രവുമാണ്. ആദ്യകാല മുസ്ലീങ്ങൾ യുദ്ധം ചെയ്തിട്ടുണ്ട്. അതിനവർ നിർബന്ധിതരായി തീർന്നിരുന്നു. അതില്ലായിരുന്നുവെങ്കിൽ, ഇസ്ലാം യുദ്ധാക്രമണം നിരോധിക്കുമായിരുന്നു. രാഷ്ട്രീയ

അധികാരം മുസ്ലീങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടതാണ്. എന്നാൽ അവർ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു, ഈ അധികാരം തങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കരുത് മറിച്ച്, സാധുക്കളുടെ ക്ഷേമത്തിനും രാജ്യത്ത് സമാധാനവും പുരോഗതിയും കൈവരിക്കുവാനുമാണ് ( ഈ അധികാരം) ഉപയോഗിക്കേണ്ടത്. **വിശുദ്ധ ഖുർ ആൻ (2:191–194) വചനങ്ങൾ ഓതിയശേഷം ഹുസൂർ ഇപ്രകാരം തുടർന്നു.**

അല്ലാഹു (ത) അവന്റെ വഴിയിൽ പോരാടുന്നതിനുള്ള വിവരണങ്ങൾ നൽകുന്നു. മുസ്ലീങ്ങൾ അഭിമുഖീകരിക്കുന്ന ആപത്ക്കരമായ സാഹചര്യങ്ങളിൽ യുദ്ധം ചെയ്യുന്നതിനുള്ള അനുവാദം നൽകപ്പെട്ടിരിക്കുന്നു. അവരുടെ വിശ്വാസ കാരണങ്ങളാൽ കൊലചെയ്യപ്പെടുകയോ, പീഢനവിധേയമാക്കപ്പെടുകയോ, അവകാശ ലംഘനം നടത്തപ്പെടുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ സർവ്വ ശക്തനായ ദൈവം പറയുന്നു നാം പോരാടണമെന്ന് ; ദൈവ സ്നേഹത്തിനുവേണ്ടി മാത്രം! നമുക്ക് വേണ്ടിയായിരിക്കരുത്. കോപത്തിന് അടിമപ്പെട്ടോ, തന്റെ മഹത്വം വിളിച്ചറിയിക്കുവാനോ ആവരുത്! ഒരു കാരണവശാലും പരിധി ലംഘിക്കുകയുമരുത്. കാരണം അല്ലാഹു പരിധി ലംഘകരെ ഇഷ്ടപ്പെടുന്നില്ല. പോരാട്ടം സംഘങ്ങൾ തമ്മിലാണ്. വ്യക്തിഹത്യ നിരോധിക്കപ്പെട്ടിരിക്കുന്നു. മതത്തിനെതിരിലുള്ള ആക്രമണം നിരോധിക്കേണ്ടതാണ്. അത്തരം ആക്രമണം കൊലയേക്കാൾ കഠിനതരമാണ്.

പരിശുദ്ധ ഭവനത്തിന് സമീപം മുസ്ലീങ്ങൾ യുദ്ധം ചെയ്യരുത്. എന്നാൽ ശത്രുക്കൾ ആക്രമണം തുടങ്ങിയാൽ നിങ്ങൾക്കും ചെയ്യാവുന്നതാണ്. പരിശുദ്ധ ഭവനത്തിന് സമീപത്തുള്ള ആക്രമണം യഥാർത്ഥത്തിൽ എല്ലാ തീർത്ഥാടകർക്കുമെതിരിലുമുള്ള ആക്രമണമാണ്. എന്നാൽ ശത്രുക്കൾ ആക്രമിച്ചാൽ മുസ്ലീങ്ങൾക്ക് പ്രതിക്രിയാ നടപടികൾ സ്വീകരിക്കാവുന്നതാണ്. ശത്രു പിൻ വാങ്ങിയാൽ മുസ്ലീങ്ങളും പിൻ വാങ്ങേണ്ടതാണ്. കഴിഞ്ഞതെല്ലാം മറക്കേണ്ടതുമാണ്. മതസ്വാതന്ത്ര്യം പുനസ്ഥാപിക്കുകയും പീഢനങ്ങൾ അവസാനിക്കുകയും ചെയ്യുന്നതുവരെ പോരാട്ടം തുടരേണ്ടതാണ്. മതത്തിൽ നിർബന്ധത്തിന് സ്ഥാനമില്ല. സത്യ നിഷേധികൾ അവസാനിപ്പിച്ചാൽ, മത സ്വാതന്ത്ര്യം അതിന്റേതായ നിലയിൽ പ്രവർത്തിച്ചാൽ, മുസ്ലീങ്ങൾ പോരാട്ടം അവസാനിപ്പിക്കേണ്ടതാണ്. അതിക്രമം കാണിക്കുന്നവർക്കെതിരിൽ മാത്രമാണ് ബലപ്രയോഗം. അതിക്രമം അവസാനിപ്പിച്ചാൽ ബലപ്രയോഗവും അവസാനിപ്പിക്കേണ്ടതാണ്.

**<u>മുഖം നഷ്ടമാകുന്നതുവരെ</u>**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ 2016 മാർച്ച് 8-ാം തീയതി ചൊവ്വാഴ്ച ഇശാ നമസ്ക്കാര അനന്തരം, ഖുർ ആനിലെ ഒരു വചനം പല പ്രാവശ്യം വെളിപാടായി എനിക്ക് ലഭിക്കുകയുണ്ടായി. ഈ വെളിപാട് വളരെ ശക്തമായ നിലയിൽ എന്റെ നാവിലും ചുണ്ടിലും വന്നുകൊണ്ടിരുന്നു. ഇതു സംബന്ധമായി ഞാൻ ഗാഢമായി ചിന്തിച്ചു. വചനം ഇതായിരുന്നു. **"സത്യം വന്നിരിക്കുന്നു; അസത്യം അപ്രത്യക്ഷമായിരിക്കുന്നു. തീർച്ചയായും അസത്യം അപ്രത്യക്ഷമാകുന്നതു തന്നെയാണ്."**

അടുത്ത ദിവസം 2016 മാർച്ച് 9-ാം തീയതി ഒരു അഹ്മദി എന്നെ പല പ്രാവശ്യം വിളിച്ചു എന്നിട്ട് പറഞ്ഞു. മുബാറക്ക് ബൂദൂൺ യൂട്യൂബിലൂടെ എന്നെ ഒരു മാനസിക രോഗിയായി ചിത്രീകരിച്ചിരിക്കുന്നുവെന്ന്! ഇത് സംബന്ധമായി മുന്നോട്ടുപോകുന്നതിനു മുൻപ് ഖുർ ആനും സുന്നതും നമ്മെ പഠിപ്പിച്ചിരിക്കുന്നതനുസരിച്ച് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗത്തെ ഇത് സംബന്ധമായി അന്വേഷിക്കുവാനും നിജസ്ഥിതി മനസ്സിലാക്കുവാനും ചുമതലപ്പെടുത്തുകയും ഉണ്ടായി. ഞാൻ അപ്പോൾ വളരെ പ്രധാനപ്പെട്ട ഒരു ജോലി തിരക്കിലായിരുന്നു. ഈ നിർദ്ദേശം നൽകി കഴിഞ്ഞ ശേഷം, എന്റെ റബ്ബിൽ നിന്നും എനിക്കൊരു വെളിപാട് ലഭിക്കുകയുണ്ടായി. എന്റെ അല്ലാഹു എന്നെ അറിയിക്കുകയുണ്ടായി ആ വാർത്ത ശരിയാണെന്ന് ! **"നിനക്കുവേണ്ടി അവർ കണ്ടെത്തിയിരിക്കുന്ന ഉപമകൾ നോക്കൂ ! അവർ വഴികേടിലായിരിക്കുന്നു"**

രാത്രിയിൽ ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ യൂട്യൂബിൽ ഈ വാർത്ത എനിക്ക് നേരിട്ട് കാണുവാൻ കഴിഞ്ഞു. സലഫിയ്യായും അഹ്മദിയ്യായും തമ്മിൽ നടന്ന ഒരു മീറ്റിംഗിലൂടെയാണ് ഈ കാര്യങ്ങളൊക്കെ സംഭവിച്ചത്. സലഫിയ്യാക്കളാണ് ഈ ചോദ്യോത്തരങ്ങൾ അവരുടെ യൂട്യൂബ് ചാനലിലൂടെ പുറത്തുവിട്ടത്. അഹ്മദിയ്യത്തിന്റെ നാണക്കേട് എത്ര വലുത് ! 2011 ൽ, റമദാന് തൊട്ടുമുമ്പ്, അവർ സലഫിയാക്കളുമായി 3 മീറ്റിംഗുകളും വാദപ്രതിവാദങ്ങളും പോർട്ടു ലൂയിസിൽ വച്ചും മറ്റ് രണ്ട് സ്ഥലങ്ങളിൽ വച്ചും നടത്തുകയുണ്ടായി. സലഫിയ്യായെ പ്രതിനിധീകരിച്ച് ശാബിർ ചൗധിയും ജമാഅത്ത് അഹ്മദിയ്യായെ പ്രതിനിധീകരിച്ച് മുബാറക്ക് ബൂദ്ദൂനും പങ്കെടുക്കുകയുണ്ടായി.

1-ാമത്തെ ചോദ്യം മുബാറക്ക് ബൂദൂൺ ചോദിച്ചത്, ഖുർ ആന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ ആരാണ് ഒരു മുസ്ലീം ? വിശിഷ്യാ, ഖുർ ആൻ അനുസരിച്ച് മുഹമ്മദ് (സ) വിവരിച്ച മുസ്ലീം ആരാണ്?

2–ാമത്തെ ചോദ്യം ശാബിറിന്റേതായിരുന്നു - മുബാറക്ക് ബൂദൂനോട് - ഹസ്രത് മുഹമ്മദ് (സ) ന് ശേഷം ഹസ്രത് മിർസാഗുലാം അഹ്മദ് (അ) വരെ എത്ര പ്രവാചകന്മാർ വന്നിട്ടുണ്ട് ? ഓരോരുത്തരും തങ്ങളുടെ വാദങ്ങളെ ന്യായീകരിച്ചുകൊണ്ട് ചോദ്യോത്തരങ്ങൾക്ക് തിരി കൊളുത്തി. എന്നാൽ വാദങ്ങൾ നല്ല നിലയിലല്ല അവർ അവതരിപ്പിച്ചത്. ഒടുവിൽ അവരുടെ പരിപാടിയുടെ സമാപനത്തിൽ ശാബ്ബിർ, മുബാറക്ക് ബൂദ്ദൂനോട് ഒരു വസ്തുത ആരാഞ്ഞു. മിർസാഗുലാം അഹ്മദ് (അ) ന് ശേഷം മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം താനൊരു പ്രവാചകനാണെന്നു പ്രഖ്യാപിക്കുന്നു. ഇതു സംബന്ധമായി മുബാറക്ക് ബൂദ്ദൂണിന്റെ അഭിപ്രായം എന്താണെന്ന് ആരാഞ്ഞു. അപ്പോൾ മുബാറക്ക് ബൂദ്ദൂൺ പരുഷതയോടെ, ധിക്കാരത്തോടെ പറഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം **"അയാൾക്ക് അഹ്മദിയ്യാ ജമാഅത്തുമായി യാതൊരു ബന്ധവുമില്ല. അയാളെ ജമാഅത്തിൽ നിന്നും പുറത്താക്കിയിരിക്കുകയാണ്."** ഈ ഉത്തരം കേട്ട ശാബിർ തന്റെ ചോദ്യം ശക്തിപ്പെടുത്തിക്കൊണ്ട് ചോദിച്ചു, ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന് ശേഷം ഒരു പ്രവാചകന് വരാൻ പറ്റുമോ ? ഇല്ലയോ ? ശാബിറിന്റെ ആവർത്തിച്ചുള്ള ഈ ചോദ്യത്തിന് മുബാറക്ക് ബൂദ്ദൂൺ എന്ത് മറുപടി പറയണമെന്ന് അറിയാതെ നിന്നു. വരും എന്നു പറയണോ ഇല്ല എന്ന് പറയണോ എന്നറിയാതെ പകച്ചു നിന്നു. എന്നിട്ട് പറയാൻ തുടങ്ങി ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന് ശേഷം ഒരു പ്രവാചകനും വരില്ല. പിന്നീട് അൽപ്പം ശാന്തമായി ചിന്തിച്ചു. എന്നിട്ട് പറഞ്ഞു. മിർസാഗുലാം അഹ്മദ് (അ) ന് ശേഷവും പ്രവാചകന്മാർ വരാനുള്ള സാധ്യതയുണ്ട്. വീണ്ടും അയാൾ പറഞ്ഞു. ഇല്ല ; ആരും വരില്ല. അൽപം നിർത്തിയിട്ട് അയാൾ പറഞ്ഞു പ്രവാചകന്മാർ വരാനുള്ള സാധ്യതയുണ്ട്. എന്നാൽ അത്തരം പ്രവാചകന്മാരെ ഞാൻ കണ്ടിട്ടില്ല. അപ്പോൾ ശാബിർ ചോദിച്ചു. "അപ്പോൾ അവൻ (ആ പ്രവാചകൻ വരുകയും) നിങ്ങൾ അദ്ദേഹത്തിൽ വിശ്വാസിക്കാതിരിക്കുകയും ചെയ്താൽ അപ്പോൾ അതിന്റെ അർത്ഥം നിങ്ങൾ ഒരു **'കാഫിർ'** ആണ് എന്നാകുന്നു. തന്റെ വാക്കുകൾക്ക് ഒരു സംഗ്രഹം എന്ന നിലയിൽ മുബാറക്കിനോട് പറഞ്ഞു. **" മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം (ഞാൻ അദ്ദേഹത്തിന്റെ ഫോട്ടോ ഇന്റർനെറ്റിൽ കണ്ടിട്ടുണ്ട്.) ഒരു യഥാർത്ഥ പ്രവാചകനാണെങ്കിൽ, അതിന്റെ അർത്ഥം നിങ്ങൾ ഒരു കാഫിർ ആണ് എന്നാണ്. ! മുബാറക്ക് മറുപടിയായി പറഞ്ഞു. "ഞാൻ മാത്രമല്ല നമ്മളെല്ലാവരും"** അപ്പോൾ ശാബിർ, മുബാറിക്കിനോട് പറഞ്ഞു (മുബാറിക്കിന്റെ വിശദീകരണ പ്രകാരം) ഞാൻ (അതായത് ശാബിർ) ഇപ്പോൾ തന്നെ ഒരു കാഫിറാണ്. കാരണം ഞാൻ ഹസ്രത് മിർസാഗുലാം അഹ്മദിൽ വിശ്വസിച്ചിട്ടില്ലല്ലോ. മുബാറക്ക് ബൂദൂണിൽ നിന്നും പ്രതീക്ഷിച്ച ഉത്തരം അതായിരുന്നില്ല. ശാബ്ബിർ ആഗ്രഹിച്ചത്, നേരിട്ടുള്ള ഒരു ഉത്തരമാണ്, അതായത് ഞാൻ, (മുനീർ അഹ്മദ് അസീം) ഒരു യഥാർത്ഥ പ്രവാചകനാണോ അതോ അല്ലയോ? ആണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ തന്നെ മുബാറക്ക് ബൂദ്ദൂണും അഹ്മദികളും കാഫിരീങ്ങൾ ആകുമല്ലോ ! അതേ തുടർന്ന് മുബാറക്ക ബൂദ്ദൂൺ വളരെ ഗുരുതരമായ ഒരു പ്രസ്താവന കൂടി ചെയ്തു. **"അതായത് ഞങ്ങൾ, മുനീർ അഹ്മദ് അസീം ഒരു പ്രവാചകനാണെന്ന് വിശ്വസിക്കുന്നില്ല. കാരണം അയാൾ ഒരു മാനസിക രോഗിയാണ്."** ജമാഅത്ത് അഹ്മദിയ്യായുടെ ഒരു വലിയ സംരക്ഷകനായി രംഗത്ത് വരാനാണ് അയാൾ ആഗ്രിച്ചത്! എന്നാൽ വ്യാജാരോപണത്താൽ എന്റെ മാന്യത തകർക്കുവാനുള്ള ശ്രമത്തിൽ, ശാബിറിന് ഒരു സുവർണ്ണാവസരം ഒരുക്കിക്കൊടുക്കുകയായിരുന്നു. അയാൾ പറഞ്ഞു. **"ഹസ്രത് മിർസാഗുലാം അഹ്മദും ഇതുപോലെയായിരുന്നുവല്ലോ, അതായത് മാനസിക രോഗി"** മറ്റൊരു വാക്കിൽ പറഞ്ഞാൽ ഹസ്രത് മിർസാഗുലാം അഹ്മദും ഒരുമാനസിക രോഗിയായിരുന്നുവല്ലോ എന്ന് ചിരിച്ചുകൊണ്ട് പറഞ്ഞു.. മുബാറക്ക് ബൂദ്ദൂണിനെ നിന്ദിക്കുവാനുള്ള അവസരം ശാബിറിന് അയാൾ തന്നെ നൽകുകയായിരുന്നു. മുബാറക്ക് ഈ ചർച്ച എത്രയും വേഗം അവസാനിപ്പിക്കാൻ ധൃതിപ്പെടുകയുണ്ടായി. ഉച്ചയോടെ അവസാനിപ്പിക്കേണ്ട ചർച്ച 11.30 ന് അവസാനിപ്പിക്കുകയുണ്ടായി. അവരുടെ യോഗ മദ്ധ്യേ ശാബിർ, മുബാറക്കിനോട് ചോദിക്കുകയുണ്ടായി. ശാബിറിനെക്കുറിച്ച് മുബാറക്കിന്റെ അഭിപ്രായമെന്താണെന്ന് ! ശാബിർ ഒരു കാഫിർ ആണോ ? അതോ അല്ലയോ ? വിശിഷ്യാ ശാബിർ ഹസ്രത് മിർസാഗുലാം അഹ്മദ് നെ വിശ്വസിക്കുന്നില്ല എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയും ചെയ്തുവല്ലോ. ശാബിർ, മുബാറക്ക് ബൂദ്ദൂണിനോട് ചോദിച്ചു. ഖുർ ആനും ഹദീസും അനുസരിച്ച് ഞാൻ ഒരു കാഫിർ ആണോ ? മുബാറക്ക് പറഞ്ഞു. അതേ ! നിങ്ങൾ ഒരു കാഫിർ ആയിരിക്കുന്നു. ജമാഅത്ത് അഹ്മദിയ്യായുടെ അഭിപ്രായ പ്രകാരം ഞാൻ ഒരു കാഫിർ ആയിരിക്കുന്നു. അപ്പോൾ ശാബിർ മേൽക്കൈ നേടിക്കൊണ്ട് അയാളോടു ഒരു ചോദ്യം ചോദിച്ചു. ഞാൻ അല്ലാഹുവിന്റെ തീരുമാനം പിന്തുടരണമോ ? അതോ അഹ്മദികളുടെ തീരുമാനം പിന്തുടരണമോ ?

**അഹ്മദികളും സലഫികളും കൈമാറിയ ചർച്ചയുടെ ഒരു ചുരുക്കവിവരണമാണിത്. ജമാഅത്ത് അഹ്മദിയ്യായുടെ വലിയ സംരക്ഷകർ എന്നവകാശപ്പെടുന്നവരുടെ അവസ്ഥയാണിത്. ജനങ്ങളുടെ വിശ്വാസം എന്താണ് എന്ന് അവരാണ് വിധിക്കുന്നത്. മാത്രമല്ല മാനസിക രോഗികൾ ആരാണ്, രോഗം ഇല്ലാത്തവർ ആരാണ് എന്ന് വിധിക്കുന്നതും അവരാണ്. ഉയർച്ചയ്ക്കു പകരം, അഹ്മദികൾ ഇന്ന് അപമാനത്തിലകപ്പെടുകയാണ് ചെയ്യുന്നത്. വിശിഷ്യാ അവർ പ്രബോധിക്കുന്നത് പ്രവർത്തിയിൽ കൊണ്ടു വരാത്തതുമൂലം. പ്രവാകത്വത്തിന്റെ വാതിൽ വിശാലമായി തുറന്നു കിടക്കുന്നതാണ്. ഇതവർ പറയുന്നു. എന്നാൽ അല്ലാഹു (ത) അവന്റെ ഈ അനുഗ്രഹം മുഹമ്മദ് (സ) യുടെ ഉമ്മത്തിന് നൽകുമ്പോൾ, ഈ ദൈവീക അനുഗ്രഹത്തിന്റെ മുമ്പിൽ, അവർ പുറംതിരിഞ്ഞ് നിൽക്കുന്നു. മറ്റു മുസ്ലീങ്ങൾ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നെ പരിഹസിക്കുന്നതുപോലെ ! മറ്റിതര സമുദായങ്ങൾ നമ്മുടെ പ്രിയനബി മുഹമ്മദ് (സ) നെ പരിഹസിക്കുന്നതുപോലെ ! ഇന്ന് അല്ലാഹു (ത) ഒരു പ്രവാചകനെ നൽകിയിരിക്കുന്നു.; ഹസ്രത് മുഹമ്മദ് (സ) യുടെ ഉമ്മത്തിന്, വിശിഷ്യാ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ ജമാഅത്തിന് ! അവരുടെ മുൻഗാമികൾ ചെയ്തതുപോലെ, അതെ തെറ്റ്, അല്ലാഹുവിന്റെ നിയോഗിതനെതിരിൽ അവർ ആവർത്തിക്കുന്നു.**

അഹ്മദിയ്യാ ജമാഅത്തിനു എന്ത് നാണക്കേടാണ് ! അവർ സലഫിയ്യാക്കളുമായി യോഗം നടത്തി. 2011 ജൂലൈ 11 ന്. അവസാനം 2011 ജൂലൈ 24 ന് പവിലോണിൽ സമാപിച്ചു. ''ഖാത്തമുന്നബിയ്യീൻ'' എന്നതായിരുന്നു ചർച്ചാ വിഷയം. ഖിയമത്ത് നാൾവരേക്കും മുഹമ്മദ് (സ) ഖാത്തമുന്നബിയ്യീൻ ആയിരിക്കും. വാഗ്ദത്ത മസീഹിന് ശേഷം പ്രവാചകൻമാർ വരുമോ എന്ന് ചോദിച്ചപ്പോൾ, ഖാത്തമുന്നബിയ്യീൻ എന്ന വീക്ഷണത്തിന് മാറ്റം വന്നു. ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) അവസാനത്തെ പ്രവാചകനാണ്, അദ്ദേഹത്തിന് ശേഷം ആരും വരില്ല. (ഹസ്രത് മുഹമ്മദ് (സ) ന് ശേഷമുള്ള ഒരേയൊരു പ്രവാചകൻ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) മാത്രമാണ്.) അങ്ങനെയെങ്കിൽ അവർ എന്തിനാണ് ഖാത്തമുന്നബിയ്യീൻ എന്ന വിഷയത്തെ ചർച്ചയ്ക്കെടുത്തു ? ഈ പ്രത്യേക വിഷയത്തിൽ ഡിബേറ്റ് നടത്തുന്നതിൽ എന്ത് വിലയാണുള്ളത് ? ഇക്കഴിഞ്ഞ കാലങ്ങളിൽ പ്രസ്തുത യോഗത്തെപ്പറ്റിയും ചർച്ചയെപ്പറ്റിയുമുള്ള കാര്യങ്ങൾ അവർ മറച്ചു വെച്ചിരിക്കുകയായിരുന്നു. 5 വർഷങ്ങൾക്കു ശേഷം ഈ പ്രസംഗത്തിലൂടെ അഹ്മദികൾക്ക്, അവർ മറച്ചു വെച്ചിരുന്ന ചർച്ചയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ നൽകുകയാണ്. അവർക്ക് സംഭവിച്ച ചർച്ചാ പരാജയത്തെ സംബന്ധിച്ച് ! ഇതെല്ലാം ഒരു യാദൃശ്ചിക സംഭവമായി ഞാൻ കാണുന്നില്ല, 5 വർഷങ്ങൾക്കു ശേഷം ഇതിന്റെ നിജസ്ഥിതി മനസ്സിലാവുകയും, ഇട്ടിരുന്ന മറ നീങ്ങുകയും ചെയ്തു. അതിന്റെ സമയം വന്നിരിക്കുന്നു. മുബാറക്ക് ബൂദ്ദൂൺ പറഞ്ഞതിന് മറുപടി പറയേണ്ടി വരും. തീർച്ചയായും അല്ലാഹു (ത) അദ്ദേഹം പറഞ്ഞതിന് അദ്ദേഹത്തെ പിടികൂടുന്നതാണ്.

**2016 ഫെബ്രുവരി 19നും, 26 നും റോസ്ഹില്ലിലും ക്വാട്ടറേ ബോണസിലും നടന്ന അവരുടെ ചോദ്യോത്തര പരിപാടിയും വിസ്മരിക്കാൻ പാടില്ല. അവിടെയവർ എങ്ങനെയാണ് ദയനീയമായി പരാജയപ്പെട്ടത്.! അവിടേക്ക് അവർ പത്രപ്രവർത്തകരെയും, അപരിചിതരേയും ക്ഷണിച്ചിരുന്നു. അതിഥികളുടെ ചോദ്യത്തിന് എങ്ങനെയാണ് ഉത്തരം നൽകേണ്ടത് എന്നവർക്കറിയില്ല. അവർ മറ്റ് വിഷയങ്ങളിലേക്ക് തിരിയുകയായിരുന്നു. ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിനെ അപമാനിക്കുവാൻ എന്തിനാണ് നിങ്ങൾ ജനങ്ങളെ ക്ഷണിക്കുന്നത്; ഈ രംഗത്ത് നിങ്ങൾക്കിനി ഒന്നും ചെയ്യാനില്ല. നിങ്ങൾ വെറും പാഴ് വസ്തുക്കളാണ്. ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ നിങ്ങൾക്കാവില്ല. ഇതെന്തൊരു നാണക്കേടാണ് !**

സലഫിയാക്കൾ അഹ്മദികളുമായി നടത്തിയ ഈ വാദപ്രതിവാദം, സലഫിയാക്കൾ അവരുടെ യുട്യൂബ് ചാനലിൽ പോസ്റ്റ് ചെയ്തില്ലായിരുന്നുവെങ്കിൽ, ബശാറത്ത് നവീദ്, പവലീയനിൽ, നടത്തിയ ഈ വാദപ്രതിവാദത്തിൽ, അദ്ദേഹത്തിനുണ്ടായ ദാരുണമായ പരാജയത്തെക്കുറിച്ച് നാമറിയില്ലായിരുന്നു. അതുപോലെ അഹംഭാവിയായ മുബാറക്ക് ബൂദ്ദൂണിന് ഉത്തരം പറയാൻ കഴിയാതെ പോയ കാര്യങ്ങളും പുറം ലോകമറിയില്ലായിരുന്നു. എന്താണ് പറയേണ്ടതെന്ന് അവർക്കറിയില്ലാ! അവരുടെ വിഢിത്തം നിറഞ്ഞ ഉത്തരങ്ങളിലൂടെ അവർ സ്വയം വിഡ്ഢികളായി തീരുകയായിരുന്നു.

എന്നെ മാനസിക രോഗി എന്ന് വിശേഷിപ്പിച്ച മുബാറക്ക് ബൂദ്ദൂണിനോട് ഈ പ്രസംഗത്തിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. നിങ്ങൾ മുന്നോട്ട് വരൂ ! നിങ്ങൾ ആരോപിച്ച കാര്യങ്ങൾ തെളിയിക്കുക. ഈ കാര്യം ഇങ്ങനെയങ്ങ് അവസാനിക്കില്ല നിങ്ങൾ, മുബാറക്ക് ബൂദൂൻ എന്നെപ്പറ്റി പറഞ്ഞതെല്ലാം യുട്യൂബിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. നിങ്ങൾ ഇത് ലോകത്തിന്റെ മുമ്പിൽ തെളിയിക്കേണ്ടതാണ്. ജനങ്ങളുടെ മുമ്പിൽ തെളിയിക്കണം. ഞാനൊരു മാനസിക രോഗിയാണ്! ബ്രൗൺ സെക്വാർഡിലെ ബിയാ ബാസിൽ മാനസിക ആശുപത്രിയിൽ നിന്നും എന്റെ ഫയൽ നിങ്ങൾ ഹാജരാക്കണം. മാത്രമല്ല എനിക്ക് നൽകിയിട്ടുള്ള മരുന്നു

കൾ, എന്നെ പരിശോധിച്ച ഡോക്ടർമാർ, അവർ നൽകിയ സാക്ഷിപത്രങ്ങൾ, ഞാനൊരു മാനസിക രോഗി യാണെന്ന് ! ഇതൊക്കെ നിങ്ങൾ ഹാജരാക്കേണ്ടി വരും. മനസ്സിലാക്കുക നിങ്ങൾ പുറപ്പെടുവിച്ച മലീമസ മായ വാക്കുകൾ, മുഴുവൻ സമുദ്രത്തെയും മലീമസമാക്കിയിരിക്കുന്നു. നിങ്ങൾ ഇതിന് അല്ലാഹുവിന്റെ കോടതിയിൽ സമാധാനം ബോധിപ്പിക്കേണ്ടി വരും; ഈ ലോക കോടതിയിലും ! നിശ്ചയം നിങ്ങൾ ഉള്ളിലൊ ന്നുമില്ലാത്ത ഒഴിഞ്ഞ ചെണ്ട പോലെയാണ്. നിങ്ങൾ പള്ളികളിൽ വലിയ ആശയങ്ങൾ എഴുതിവയ്ക്കുന്നു. **"എല്ലാവരോടും സ്നേഹം, ആരോടുമില്ലാ വെറുപ്പ്"** എന്നിട്ട് നേർ വിപരീതമായത് പ്രവർത്തിക്കുന്നു. നിങ്ങ ളുടെ യഥാർത്ഥ മുഖം തുറന്നു കാണിക്കുവാൻ ഇത് സംബന്ധമായി അനേകം പ്രസംഗങ്ങൾ നടത്തിയി ട്ടുണ്ട്. മുബാറക്ക് ബൂദൂൺ, സലഫിയ്യാക്കളെ അറിയിച്ചിട്ടുണ്ട്, ഞങ്ങൾ അഹ്മദികൾ അനേകം പീഢന ങ്ങൾക്ക് വിധേയരായവരാണ്. ഞങ്ങളുടെ മേൽ അക്രമം അഴിച്ചു വിട്ടിട്ടുണ്ട്. എന്നാൽ ഈ മന്ദബുദ്ധികൾ അവർ എന്റെ മേൽ അഴിച്ചുവിട്ട അക്രമങ്ങൾ പെട്ടെന്ന് മറന്നു പോയിരിക്കുന്നു. അവർ എന്റെ ശമ്പളവും ആനുകൂല്യങ്ങളും തന്നില്ല. ജമാഅത്തിനുവേണ്ടി വളരെക്കാലം ഒരു ശമ്പളക്കാരനായി ഞാൻ ജോലി നോക്കി യിട്ടുണ്ട്. വേതനം നൽകിയില്ല. മാനസിക രോഗിയായി ചിത്രീകരിച്ചു. റീയൂണിയൻ, മയോട്ടി, സെയില്ലീസ്, റോഡ്ഗ്രീസ് ദ്വീപുകളിൽ അഹ്മദിയ്യത്തിനുവേണ്ടി ജോലി ചെയ്തിരുന്നപ്പോൾ ഞാൻ മാനസിക രോഗി ആയി രുന്നില്ല. അപ്പോൾ നിങ്ങളുടെ മിഷനറിമാരൊക്കെ എവിടെയായിരുന്നു ? എന്നെ നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കിയപ്പോൾ, ഞാൻ പ്രവർത്തിച്ചിരുന്ന ദ്വീപുകളിൽ നിങ്ങൾ പറഞ്ഞു പരത്തിയത് ഞാൻ സ്വപ്നം കാണുന്നവനാണ്. അതുകൊണ്ടാണ് ജമാഅത്തിൽ നിന്ന് പുറത്താക്കിയത്. ഞാൻ മാത്രമാണോ സ്വപ്നം കാണുന്നത്! എന്തിനേറെ പറയുന്നു. **15 വർഷമായി എന്റെ വിയർപ്പിന്റെ കൂലി തന്നിട്ടില്ല. ഇതിനേ ക്കാൾ വലിയ നാണക്കേട് നിങ്ങൾക്ക് എന്താണ് ഉള്ളത് ?**

മുബാറക്ക് ബൂദ്ദൂണിനെപ്പോലുള്ള കോമാളികൾ എന്നെ വ്യക്തിപരമായി ആക്ഷേപിക്കുന്നതായി നാം കാണുന്നു. അയാൾ കരുതുന്നു അയാൾക്ക് ഗവൺമെന്റിൽ നല്ല ഒരു സ്ഥാനം ഉണ്ടെന്ന്. എല്ലാം അറിയാ വുന്ന ആളാണെന്ന് കരുതുന്നു. വലിയ വ്യക്തിത്വത്തിന് ഉടമയാണെന്ന് കരുതുന്നു. നിങ്ങളെപ്പോലെയുള്ള അനേകം ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. അവർക്കെല്ലാം നഷ്ടപ്പെട്ടതായി ! ഇപ്പോൾ ഞാൻ പറയുന്നു. നിങ്ങളുടെ സമയം അടുത്തിരിക്കുന്നു. ആ ദിനങ്ങൾ എണ്ണിക്കൊള്ളുക. മാനസിക രോഗിയാണ് എന്ന് നിങ്ങൾ എല്ലാവരുടെയും മുൻപിൽ തെളിയിക്കേണ്ടി വരും. മൗറീഷ്യസിൽ മാത്രമല്ല ലോകമെങ്ങും ! പന്നിമാംസത്തി ന്റെയും രക്തത്തിന്റെയും പ്രസ്താവനയ്ക്ക് നിങ്ങളുടെ മുല്ല ബശാറത്ത് നവീദ് മറുപടി പറയേണ്ടി വരുന്ന തുപോലെ !

സഹോദരീ സഹോദരന്മാരെ ഈ പ്രസംഗം ഇവിടെ നിർത്തുന്നു. ജും ആ ഖുത്തുബ വളരെ ദീർഘി ച്ചുപോയി ഇന്റർനെറ്റിലൂടെയോ, യുട്യൂബിലൂടെയോ ഇതിന്റെ വിശദ വിവരങ്ങളുമായി ഞാൻ വരുന്നതാണ് ഇൻശാ അല്ലാഹ് ! മുബാറക്ക് ബൂദ്ദൂൺ, ഞാൻ മാനസിക രോഗിയാണെന്നുള്ള എല്ലാ തെളിവുകളും സാക്ഷ്യപത്രങ്ങളുമായി യുട്യൂബിലൂടെ ലോകസമക്ഷം സമർപ്പിക്കുമെന്ന് പ്രത്യാശിക്കുന്നു.

അല്ലാഹു (ത) നമ്മെ നേർവഴിയിൽ നടത്തട്ടെ ! ആമീൻ.


Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************